# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3750 — 24.06.2014 ൽ മറുപടിയ്ക്ക്

## കാർഷിക ഗ്രാമ വികസന ബാങ്ക് - പ്രതിമാസ സമ്പാദ്യ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ. വാഹീദ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.വി.ഡി. സതീശൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് പ്രതിമാസ സമ്പാദ്യ പദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br>(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; | (എ) യും (ബി) യും സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് പ്രതിമാസ സമ്പാദ്യ പദ്ധതി ആരംഭിക്കാനുദ്ദേശിച്ചിട്ടുണ്ട്. അംഗങ്ങളിൽ സമ്പാദ്യ ശീലം വളർത്തി പ്രതികൂല സാമ്പത്തിക സാഹചര്യങ്ങളെ തരണം ചെയ്യുന്നതിനും പ്രാഥമിക ബാങ്കുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) എന്ത് തുകയുടെ ഫണ്ട് സമാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ; | (സി) 25 മുതൽ 50 മാസം കാലാവധിയിൽ 50,000 രൂപ മുതൽ 2 ലക്ഷം രൂപ വരെ സലയുള്ള സമ്പാദ്യ പദ്ധതികളാണ് പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ? | (ഡി) | കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക്, നിക്ഷേപം സ്വീകരിക്കുന്നതിന് നബാർഡ് അംഗീകരിച്ച നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഒരു വർഷത്തെ കാലാവധിയുള്ള ടേം ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിന് മാത്രമേ അനുമതി നൽകിയിട്ടുള്ളൂ. ആയതിനാൽ സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ള പ്രതിമാസ സമ്പാദ്യ പദ്ധതി അംഗീകരിക്കുന്നത് സംബന്ധിച്ച് നബാർഡിന്റെ അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ